പരീക്ഷയായ അന്യോന്യത്തിന് നല്ലൊരു സംഖ്യ സംഭാവന നൽകിവരുന്നു. പ്രധാന ക്ഷേത്രങ്ങളോട് ചേർന്ന് രവിവാരപാഠശാലകളും സ്ഥാപിച്ച് പുരാണേതിഹാസങ്ങളെപ്പറ്റി പ്രഭാഷണങ്ങളും നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. ക്ഷേത്രങ്ങളിൽ വേദപാരായണത്തിനു പ്രോത്സാഹനം നൽകുന്നതിനുള്ള കൂടുതൽ നടപടികളും സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾക്കും ഗുരുവായൂർ ദേവസ്വത്തിനും ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിന്റെ കീഴിലുള്ള മലബാറിലെ ക്ഷേത്രങ്ങൾ

110 [2099] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള മലബാറിലെ ആകെ ക്ഷേത്രങ്ങൾ എത്രയാണെന്നുള്ളത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ ക്ഷേത്രങ്ങളിലെ ആകെ എത്ര ജീവനക്കാരെയാണ് ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിന്റെ കീഴിലുള്ള ജീവനക്കാരായി അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേത്രങ്ങളോടനുബന്ധിച്ച് പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കുന്നവരും വാദ്യമേളങ്ങൾ നടത്തുന്നവരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മലബാറിലെ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാര്യസ്ഥാനീയരായ കോമരങ്ങൾക്കും വെളിച്ചപ്പാടുകൾക്കും അനുവദിച്ച് നൽകുന്നതുപോലെ പ്രതിമാസ ധനസഹായം ലഭ്യമാക്കുവാനും അവരെയും ക്ഷേത്രജീവനക്കാരായി അംഗീകരിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായ ക്ഷേത്രജീവനക്കാരിൽ എസ്. എസ്. എൽ. സി. പാസ്സായവരും പത്തു വർഷത്തിലധികം സേവനമുള്ളവരുമായവർക്ക് എക്സിക്യൂട്ടീവ് ഓഫീസറായി ഉദ്യോഗക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

		ഉത്തരം
(എ)	കാസർഗോഡ്	89
	കോഴിക്കോട്	160
	കണ്ണൂർ	280
	വയനാട്	47
	മലപ്പുറം	267
	പാലക്കാട്	443
	തൃശ്ശൂർ	44
	എറണാകുളം	2
	ആകെ	1332

(ഉപക്ഷേത്രങ്ങളടക്കം)

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5528 ജീവനക്കാരെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ട്.

(സി) ഈ വിഭാഗത്തിൽപ്പെട്ട ആരുക്കാരുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചതിനു ശേഷം മാത്രമേ ഇത് സംബന്ധിച്ച നയത്തിനു രൂപം കൊടുക്കാൻ കഴിയുകയുള്ളൂ.

(ഡി) വകുപ്പിന്റെ അധികാരപരിധിയിലുള്ള ക്ഷേത്രജീവനക്കാരിൽ എസ്. എസ്. എൽ. സി. പാസ്സായവരും, പത്തുവർഷത്തിലധികം സേവനമുള്ളവരുമായവർക്ക് എക്സിക്യൂട്ടീവ് ഓഫീസറായി ഉദ്യോഗക്കയറ്റം നൽകുന്നതിനു വ്യവസ്ഥയുണ്ട്.

ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനു അനുവദിച്ചിട്ടുള്ള വസ്ത്രധാരണ രീതി

111 [2100] ശ്രീ. വി. ഡി. സതീശൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ടി. യു. രാധാകൃഷ്ണൻ:
,; വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്ന പുരുഷൻമാർ ഷർട്ട്, ബനിയൻ, മറ്റു ഉടുപ്പുകൾ എന്നിവ ധരിക്കരുതെന്നു ഒരു ചട്ടമോ ആചാരമോ നിലവിലുണ്ടോ;

(ബി) ഈ ചട്ടത്തിനോ ആചാരത്തിനോ അടിസ്ഥാന കാരണങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തിനു പുറത്തുള്ള ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധന നടത്തുന്ന പുരുഷൻമാർ ഷർട്ട് ധരിക്കുന്നത് നിഷിദ്ധമാണോ എന്ന് അന്വേഷിച്ച് പറയുമോ;

(ഡി) ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിൽ മൃഗബലി പണ്ടു കാലങ്ങളിൽ നടന്നിരുന്നുവോ; അത് നിയമംമൂലം നിരോധിച്ചുവോ;

(ഇ) ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനു പുരുഷൻമാർ ഷർട്ട്, ബനിയൻ, മറ്റു ഉടുപ്പുകൾ എന്നിവ ധരിക്കുന്നത് തടയുന്നതിനുള്ള ചട്ടമോ ആചാരമോ വേണ്ടെന്നു വെയ്ക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. നൂറ്റാണ്ടുകളായി തുടർന്നുവരുന്ന ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായാണ് ഈ ചട്ടം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്തിനു പുറത്ത് തമിഴ്നാട്ടിലെ ചില ക്ഷേത്രങ്ങളിൽ ഷർട്ട് ധരിക്കുന്നത് നിഷിദ്ധമാണെന്നറിയുന്നു.

(ഡി) ബോർഡിന്റെ നിയന്ത്രണത്തിൽ വന്നതിനുശേഷം മൃഗബലി നടത്തിവരുന്നില്ല. അതിനു മുമ്പുള്ള കാര്യങ്ങൾക്ക് വ്യക്തമായ രേഖകളില്ല.

(ഇ) അതിപുരാതനകാലം മുതലുള്ള ആചാരങ്ങളായതിനാൽ, ഇക്കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly